## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1361 — 22.03.2013ൽ മറുപടിക്ക്

### ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബാബു എം.പാലിശ്ശേരി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊ ഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്തും എന്ന സംസ്ഥാന ഗവൺമെന്റിന്റെ പ്രഖ്യാപനത്തിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചുവോ;<br>ബി) പ്രസ്തുത പ്രഖ്യാപനം പ്രാബല്യത്തിൽ വരുത്താൻ എന്താണ് കാല താമസം എന്ന് വ്യക്തമാക്കാമോ | എ) & ബി) | ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയിട്ടില്ല. എന്നാൽ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക–1 ൽ അനുവദനീയമായ പ്രവൃത്തികളിൽ ക്ഷീര കർഷക മേഖലയുമായി ബന്ധപ്പെട്ട് ക്ഷീര കർഷകർക്ക് സഹായകരമായ തൊഴുത്തിന്റെ ഈടുറ്റ തറ/പുൽത്തൊട്ടി/ഗോമൂത്ര സംഭരണി നിർമ്മാണം, കാലിത്തീറ്റയ്ക്കാവശ്യമായ അസോള വളർത്ത ൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ട് പശു/എരുമ വളർത്തി ക്ഷീര സഹകരണ സംഘത്തിൽ പാൽ വിറ്റ് ഉപജീവനം കഴിക്കുന്ന ക്ഷീര കർഷകരുടെ ദൈനംദിന പ്രവൃത്തികൾ തൊഴിലുറപ്പു പദ്ധതിയിലെ അനുവദനീയമായ പ്രവൃത്തിയിനമായി ഉൾ പ്പെടുത്തണമെന്നാവശ്യപ്പെട്ട് സം സ്ഥാനം കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെ അനുകൂല തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ